# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/PTA/P5-1090/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P5-1090/23 തീയ്യതി: 16/11/2023

## പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 05-10-2023 | 13-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-10-2023 | 13-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ എൻ. , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി. , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ. , ഓഡിറ്റർ

കുമാരി കാവ്യകൃഷ്ണൻ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ജിജി വർഗീസ് ജോൺ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജി എ. തമ്പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുനിൽകുമാർ എസ്.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ രമേശ് കുമാർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ക്ലാഡിയ എംസി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഗിർഗീസ് ഉമ്മൻ റ്റി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. അനുമോൾ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി രഞ്ജിനി പി.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ രാജേഷ് ടി.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രമീള എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2022 | 31-03-2023 |
| ശ്രീമതി സൂസൻ ജോസഫ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. രജിത റ്റി. വർഗീസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.നെബു.പി.മാത്യൂ | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ.ഷീജ ബീഗം എസ് | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 18-04-2022 | 25-04-2022 |
| ഡോ.രശ്മി.ആർ.എസ് | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 26-04-2022 | 11-02-2023 |
| ഡോ.ഷീജ ബീഗം എസ് | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 12-02-2023 | 28-02-2023 |

| | | | |
|---|---|---|---|
| ഡോ.പ്രീതി ഏലിയാമ്മ ജോൺ | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-03-2023 | 31-03-2023 |
| ഡോ.രാകേഷ് കോശി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 06-05-2022 |
| ഡോ.ജയ്സൺ ആന്റണി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 07-05-2022 | 16-06-2022 |
| ഡോ.റോഷിനി.വി.ആർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 17-06-2022 | 16-09-2022 |
| ഡോ.ബോണി ജെ.എസ്.ഡി | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 17-09-2022 | 21-12-2022 |
| ഡോ. ജിഷ്ണ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 22-12-2022 | 03-02-2023 |
| ഡോ.സിബിൻ മാത്യൂ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 04-02-2023 | 31-03-2023 |
| ശ്രീ അരുൺ സേവ്യർ ഡബ്ല്യൂ. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 03-08-2022 |
| ശ്രീമതി ദീപ കെ. | അസിസ്റ്റന്റ് എൻജിനീയർ | 04-08-2022 | 22-09-2022 |
| ശ്രീ.അരുൺ സേവ്യർ ഡബ്ല്യൂ. | അസിസ്റ്റന്റ് എൻജിനീയർ | 23-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകള്‍ തമ്മില്‍ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എന്‍ട്രികള്‍ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ജേണല്‍ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയില്‍ അനുബന്ധ രേഖകള്‍ ഇല്ല | 1-1-5 |
| 7 | പഞ്ചായത്ത് ജനറല്‍ ഫണ്ട്-മുന്നിരിപ്പ് രേഖപ്പെടുത്തിയതില്‍ 68 ലക്ഷം രൂപയുടെ വ്യത്യാസം | 1-1-6 |
| 8 | വാട്ടര്‍ ചാര്‍ജ് കുടിശ്ശിക ഇനത്തിലുള്ള 31.34 ലക്ഷം രൂപയുടെ ബാധ്യത അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല | 1-1-8 |
| 10 | കാപ്പിറ്റല്‍ കോണ്‍ട്രിബ്യൂഷന്‍ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-9 |
| 11 | ഗ്രാന്റ് ചെലവ് റവന്യൂ ഇന്‍കം ആയി മാറ്റിയത്- അക്കൗണ്ടിംഗില്‍ ഗുരുതര പിഴവ് | 1-1-10 |
| 12 | ദുരിതാശ്വാസ നിധി-ബാങ്ക് നീക്കിയിരിപ്പ് തുക ബാധ്യതാ ഹെഡില്‍ അക്കൗണ്ട് ചെയ്തില്ല | 1-1-11 |
| 13 | ബാധ്യത ഹെഡുകള്‍-അക്കൗണ്ടിംഗിന്റെ കൃത്യത പരിശോധിക്കുവാന്‍ രേഖകള്‍ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | രണ്ടു പ്രാവശ്യം ഡിപ്രീസിയേഷന്‍ അക്കൗണ്ട് ചെയ്തു-ആസ്തികളുടെ മൂല്യത്തില്‍ നിന്നും ലക്ഷങ്ങള്‍ കുറഞ്ഞു | 1-1-13 |
| 15 | നിര്‍വ്വഹണ ഏജന്‍സികള്‍ക്ക് മുന്‍കൂര്‍ നല്‍കിയ തുകകള്‍ തെറ്റായ ഹെഡില്‍ അക്കൗണ്ട് ചെയ്തു | 1-1-14 |
| 16 | പ്ലാന്‍ ചെലവ് ഹെഡില്‍ നെഗറ്റീവ് സംഖ്യ | 1-1-15 |
| 17 | മുന്‍കൂറുകള്‍, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല | 1-1-16 |
| 18 | വസ്തു നികുതി- ഡിമാന്റ്, കളക്ഷന്‍, ബാലന്‍സ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ബാങ്ക് റിക്കണ്‍സിലിയേഷന്‍ പത്രികയില്‍ അപാകത | 1-1-18 |
| 20 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 21 | സാമ്പത്തിക വിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമ പെൻഷനുകൾ | 1-7 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 27 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | തനത് വിഭവ സമാഹരണം-അവലോകനം | 1-11 |
| 30 | വസ്തു നികുതി | 1-11-1 |
| 31 | തൊഴിൽ നികുതി | 1-11-2 |
| 32 | നികുതിയേതര വരവുകൾ | 1-11-3 |
| 33 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-12 |
| 34 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-13 |
| 35 | വ്യവസായ ആവശ്യത്തിന് നിർമ്മിച്ച കെട്ടിടം നമ്പരിട്ട് നൽകി - പരിശോധനാറിപ്പോർട്ട് പൂർണ്ണമല്ല | 1-14 |
| 36 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല | 1-15 |
| 37 | ലൈസൻസ് ഫീസ് പിരിവ്- അപാകതകൾ | 1-16 |
| 38 | ഗ്രാമപഞ്ചായത്ത് വക കടമുറികൾ- തൻ വർഷത്തെ വാടക ഈടാക്കാനുള്ളത് 7.3 ലക്ഷം രൂപ | 1-17 |
| 39 | വാടകക്കുടിശ്ശിക സംബന്ധിച്ച് കൃത്യമായ രേഖകളില്ല- ഈടാക്കാനുള്ളത് ലക്ഷങ്ങൾ | 1-18 |
| 40 | മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് -ഈടാക്കാനുള്ളത് 1.63 ലക്ഷം രൂപ | 1-19 |
| 41 | വാടക-ബൈലോയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല | 1-20 |
| 42 | കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു. ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 1-21 |
| 43 | ലേല വരവ് ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്യുന്നു- ലേല ഡെപ്പോസിറ്റ് ബാധ്യത 0.71 കോടി രൂപ | 1-22 |
| 44 | ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളില്ല | 1-23 |
| 45 | ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണം- അവലോകനം | 1-24 |
| 46 | ടി.ബി ജംഗ്ഷൻ മുരുകനമ്പലം റോഡ് റീടാറിംഗ് - അധികം ചെലവായ തുക തിരികെ വാങ്ങിയില്ല | 1-25 |
| 47 | ജലജീവൻമിഷൻ- പദ്ധതിപ്രവർത്തനം മോണിട്ടർ ചെയ്യുന്നില്ല | 1-26 |
| 48 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല | 1-27 |
| 49 | അങ്കണവാടി കെട്ടിടങ്ങളോട് അവഗണന | 1-28 |

| | | |
|---|---|---|
| 50 | അഗതി രഹിത കേരളം പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല. | 1-29 |
| 51 | വിശദമായ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല | 1-30 |
| 52 | റ്റി.ആർ 7എ മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല | 1-31 |
| 53 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-32 |
| 54 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ പദ്ധതി-അപാകങ്ങൾ | 1-33 |
| 55 | ലൈഫ്-ഇല്ലാത്ത വായ്പയ്ക്ക് റിക്കവറി | 1-34 |
| 56 | തൊഴിലുറപ്പ് പദ്ധതി- പദ്ധതി ചെലവ് 45% | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി. ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25/07/23-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — ഡെപ്യൂട്ടി ഡയറക്ടർ

16/11/2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2030031 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)4158443 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച

സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്‌വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരിക രേഖകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

### 1-1-6 പഞ്ചായത്ത് ജനറൽ ഫണ്ട്-മുന്നിരിപ്പ് രേഖപ്പെടുത്തിയതിൽ 68 ലക്ഷം രൂപയുടെ വ്യത്യാസം

കഴിഞ്ഞ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. 2021-22 വാർഷിക കണക്ക് 310100101 പ്രകാരമുള്ള ജനറൽ ഫണ്ട് നീക്കിയിരിപ്പ് 6823299 രൂപയാണ്. എന്നാൽ 2022-23 വർഷം ILGMS അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിൽ ജനറൽ ഫണ്ട് മുന്നിരിപ്പായി അക്കൗണ്ട് ചെയ്തിരിക്കുന്നത് 21085 രൂപയാണ്. ഈ തുക 2021-22 വർഷം ദുരിതാശ്വാസ നിധിയിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ്. മുൻവർഷത്തെ ജനറൽ ഫണ്ട് നീക്കിയിരിപ്പ് തുകയായ 6823299 രൂപ B2 ഷെഡ്യൂളിൽ Other Trust Or Agency Fund(311710199) എന്ന ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ഇത് മൂലം ഷെഡ്യൂൾ ബി1, ഷെഡ്യൂൾ ബി2 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ കൃത്യമല്ല.

### 1-1-7 വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിലുള്ള 31.34 ലക്ഷം രൂപയുടെ ബാധ്യത അക്കൗണ്ട് ചെയ്തിട്ടില്ല

വാട്ടർ ചാർജ് കുടിശ്ശിക ഇനത്തിലുള്ള 31/03/2023-ലെ ബാധ്യത 3134339 രൂപയാണ്. എന്നാൽ ഈ തുക ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-8 ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല

ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുകയിൽ 75500 രൂപ ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. മുൻ വർഷത്തേതുൾപ്പടെയുള്ള തുക നീക്കിയിരിപ്പിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല. ബാധ്യതാ രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല

### 1-1-9 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി-3: Reserves- Capital Contribution -മുൻവർഷത്തെ നീക്കിയിരിപ്പ് തുകയാണ് തൻ വർഷവും നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്. തൻവർഷം സൃഷ്ടിച്ച ആസ്തികൾക്ക് തുല്യമായ തുക ടി ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-10 ഗ്രാന്റ് ചെലവ് റവന്യൂ ഇൻകം ആയി മാറ്റിയത്- അക്കൗണ്ടിംഗിൽ ഗുരുതര പിഴവ്

I-6 Revenue Grants, Contributions & Subsidies: പഞ്ചായത്തിന് വിവിധ ലയബിലിറ്റി ഹെഡ്ഡുകളിൽ ലഭിച്ച ഫണ്ടുകളിൽ നിന്ന് ചെലവായ തുക, റവന്യൂ ഇൻകം ആയി മാറ്റിയ അക്കൗണ്ടിംഗ് കൃത്യമല്ല. ഗ്രാന്റ് ചെലവുകളും റവന്യൂ ഇൻകം ആയി മാറ്റിയ തുകകളും തമ്മിൽ യാതൊരു ബന്ധവുമില്ല.

| ഫണ്ടിനം | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | I-6 പ്രകാരം ഗ്രാന്റ് ചെലവ് |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 7081551 | 613200 |
| വികസന ഫണ്ട്(എസ്.സി.പി) | 2280794 | 69749 |
| മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) | 2001638 | 34900 |
| മെയിന്റനൻസ് ഗ്രാന്റ്( റോഡ്) | 4198556 | 0 |

### 1-1-11 ദുരിതാശ്വാസ നിധി-ബാങ്ക് നീക്കിയിരിപ്പ് തുക ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്തില്ല

ദുരിതാശ്വാസനിധി അക്കൗണ്ട് - ബാങ്ക് നീക്കിയിരിപ്പ് തുക (കാനറാ ബാങ്ക്- 76783, കോപ്പറേറ്റീവ് ബാങ്ക്-21085) ബന്ധപ്പെട്ട ബാധ്യത ഹെഡിൽ (B2 Earmarked Funds) അക്കൗണ്ട് ചെയ്തില്ല.

### 1-1-12 ബാധ്യത ഹെഡുകൾ-അക്കൗണ്ടിംഗിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകൾ സൂക്ഷിച്ചിട്ടില്ല

ഷെഡ്യൂൾ ബി-9: ബാധ്യത ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടുന്നതിനാവശ്യമായ രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച് ഡിമാന്റ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളില്ല.

### 1-1-13 രണ്ടു പ്രാവശ്യം ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്തു-ആസ്തികളുടെ മൂല്യത്തിൽ നിന്നും ലക്ഷങ്ങൾ കുറഞ്ഞു

ഷെഡ്യൂൾ ബി-11(a):- രണ്ടു പ്രാവശ്യം Depreciation അക്കൗണ്ട് ചെയ്തത് മൂലം ആസ്തിമൂല്യത്തിൽ വലിയ കുറവുണ്ടായി.

| ഹെഡ് | ഡിപ്രീസിയേഷൻ ചെയ്യേണ്ടത് | ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്തത് |
|---|---|---|

| | | (ജേണൽനം/തീയതി, തുക) |
|---|---|---|
| Depreciation-Other Fixed Assets | 865,654. | 42200998/31.3.23--865,654<br>42201069/31.03.23-865,654 |
| Depreciation - Furniture, Fixtures, Fittings & Electrical Appliances | 233,897 | 42200997/31.03.23- 233897<br>42201067/ 31.03.23-233897 |
| Depreciation - Office & Other Equipments | 188,784 | 42200996/31.03.23-189,943<br>42201066/31.03.23-188,784 |
| Depreciation -Waterways | 162,218 | 42200991/31.03.23-163714<br>4220106/31.03.23 -162,218 |
| Depreciation - Roads & Bridges | 1,363,579 | 42200990/31.03.23-1,381,262<br>42201060/31.03.23-1,363,579 |

## 1-1-14 നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ തെറ്റായ ഹെഡിൽ അക്കൗണ്ട് ചെയ്തു

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി(₹310000), ഭൂജല വകുപ്പ്(₹810155), കെ.എസ്.ഇ.ബി(₹100000) എന്നീ നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഈ തുകകൾ ബി18 ഷെഡ്യൂളിൽ കറന്റ് അസറ്റ് ആയി അക്കൗണ്ട് ചെയ്യുന്നതിന് പകരം തൻവർഷത്തെ ചെലവായി അക്കൗണ്ട് ചെയ്തു

## 1-1-15 പ്ലാൻ ചെലവ് ഹെഡിൽ നെഗറ്റീവ് സംഖ്യ

ഷെഡ്യൂൾ I-14(B): Decentralised Plan, Road Retarring ചെലവ് (-)324946 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-1-16 മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല

ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി - 2600000

കെ.എസ്.ഇ.ബി. - 2398692

ഭൂജല വകുപ്പ് – 317513

പൊതുമരാമത്ത് വകുപ്പ്-964000

## 1-1-17 വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-18 ബാങ്ക് റിക്കൺസിലിയേഷൻ പത്രികയിൽ അപാകത

ഇ-പേയ്മെന്റ് അക്കൗണ്ടിൽ( നം. 3589201000034) മാർച്ച് മാസത്തെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ് മെന്റിലെ Directly Debited By Bank ആയി ചേർത്ത തുക(84243) കൃത്യമല്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 08.03.2023-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 2733044 | 18075288 | |
| വരവ് | 129736235 | 36575175 | 58153299 |
| ആകെ | 132469279 | 54650463 | |
| ചെലവ് | 129265000 | 34545144 | 58021610 |
| നീക്കിയിരിപ്പ് | 3204279 | 20105319 | |

ബജറ്റ് പ്രകാരം 12.97കോടി രൂപയുടെ പ്രതീക്ഷിത വരവും 12.92 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 5.81കോടി രൂപയും ചെലവ് 5.80കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 18075288 | |
| ഓഡിറ്റ് വർഷത്തെ വരവ് | 36575175 | 58153299 |
| ആകെ വരവ് | 54650463 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34545144 | 58021610 |
| നീക്കിയിരിപ്പ് | 20105319 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7294211 | 7294211 | 7081551 | 212660 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2968789 | 2968789 | 2280794 | 687995 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 949600 | 2033077 | 2982677 | 820099 | 2162578 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ക്യാരി ഓവർ വിഹിതം | 0 | 165921 | 165921 | 65921 | 100000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 388683 | 1352124 | 1740807 | 255560 | 1485247 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) ക്യാരി ഓവർ വിഹിതം | 0 | 113162 | 113162 | 113162 | 0 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 4570000 | 4570000 | 2001638 | 2568362 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 7751000 | 7751000 | 4198556 | 3552444 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Support For Diagonostics) | 0 | 180499 | 180499 | 76910 | 103589 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Sub Centres To Health & Wellness Centres | 0 | 81142 | 81142 | 0 | 81142 |
| ശുചിത്വ മിഷൻ | 853797 | 130000 | 983797 | 846521 | 137276 |
| ഐ.സി.ഡി.എസ് | 1368400 | 670514 | 2038914 | 113930 | 1924984 |
| ശബരിമല ഗ്രാന്റ് | 50136 | 236000 | 286136 | 286136 | 0 |
| ബയോഡൈവേഴ്സിറ്റി | 1046032 | 35532 | 1081564 | 205869 | 875695 |
| MGNREGS | 196 | 5471628 | 5471824 | 5471824 | 0 |
| എൻ.എച്ച്.എം ഫണ്ട് | 0 | 500000 | 500000 | 0 | 500000 |
| ആർ.ജി.എസ്. എ. | 400000 | 0 | 400000 | 400000 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -അപാകതകൾ

1.സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിൽ വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | വരവിലും നീക്കിയിരിപ്പിലും ഉൾപ്പെടാത്ത തുക |
|---|---|---|
| വികസന ഫണ്ട്- ജനറൽ | അങ്കണവാടി അധിക വേതനം | 613200 |
| വികസന ഫണ്ട്- എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 69749 |

2) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല.

3)ധനകാര്യകമ്മീഷൻ കമ്മീഷൻ ഗ്രാന്റ്- വാർഷിക ധനകാര്യപത്രിക, ഇ-ഗ്രാം സ്വരാജ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 204 | 52648995 | 134 | 25664056 | 70 | 65.7% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | സെക്രട്ടറി | 38 | 23 | 8773268 | 4585606 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 1202893 | 842693 |
| 3 | കൃഷി ഓഫീസർ | 5 | 5 | 1951250 | 1458830 |
| 4 | വെറ്ററിനറി സർജ്ജൻ | 6 | 6 | 528000 | 527150 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 5 | 5 | 1267700 | 1267700 |
| 6 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 85000 | 85000 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 61 | 27697803 | 10058953 |

| | | | | | |
|---|---|---|---|---|---|
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 1693100 | 1166559 |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 10 | 7672820 | 4272759 |
| 10 | ഹെഡ് മാസ്റ്റർ | 4 | 4 | 516000 | 514000 |
| 11 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 4 | 4 | 1161161 | 784806 |
| 12 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 |
| | ആകെ | 204 | 134 | 52648995 | 25664056 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 196 | 518534 | 518730 | 518730 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4953094 | 4953094 | 4953094 | 0 |
| ആകെ | 196 | 5471628 | 5471824 | 5471824 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 9576800 | 6264 |
| വിധവാപെൻഷൻ | 4658200 | 2981 |
| കർഷകതൊഴിലാളി പെൻഷൻ | 512000 | 333 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1426600 | 911 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 136000 | 89 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 ന് 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 91535 രൂപ (തൊണ്ണൂറ്റിയോരായിരത്തി അഞ്ഞൂറ്റി മുപ്പത്തിയഞ്ച്) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ,തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവയും കാലികമാക്കിയിട്ടില്ല. പെർമിറ്റ് ഫയലും, കെട്ടിടങ്ങളുടെ നമ്പറിംഗിനായുള്ള ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച പരിശോധനകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്.

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് എടുത്തവരിൽ നിന്നും 31/03/22 വരെയുള്ള കാലയളവിലെ വാടകക്കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ളത് 1429829 രൂപയാണ്. എന്നാൽ കടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കടിശ്ശിക ഈടാക്കുന്നതിലും രേഖകൾ കൃത്യമാക്കി സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. കടമുറിയുടേയോ വാടകയ്ക്ക് എടുത്തിരുന്ന വ്യക്തിയുടെയോ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ദീർഘനാളായി വാടകക്കുടിശ്ശിക

വരുത്തിയിട്ടുള്ളവരുടെ കുത്തകാവകാശം ഒഴിപ്പിച്ച് പുനർ ലേലം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുമ്പ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് കഴിയാത്ത സ്ഥിതിയാണുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല. ഗ്രാമപ്പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
- ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഷോപ്പിംഗ് കോംപ്ലക്സ് വാടക അതാത് മാസംതന്നെ ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ കുടിശ്ശിക വരുത്തിയ മാസം തന്നെ സ്വീകരിക്കേണ്ടതുമാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.
- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2019 മുതൽ 07.03.2019 വരെ | 2013 - 2014 മുതൽ 2017- 2018 വരെ | 06.04.2019 |
| പെർഫോമൻസ് ഓഡിറ്റ് | 01.07.2022 മുതൽ 02.07.2022 വരെ | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 തനത് വിഭവ സമാഹരണം-അവലോകനം

പത്തനംതിട്ട ജില്ലയിലെ ടൗൺ പഞ്ചായത്തുകളിൽ ഒന്നാണ് കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്. സാമാന്യം ഭേദപ്പെട്ട രീതിയിൽ തനത് വരുമാന സ്രോതസുകൾ ഗ്രാമപഞ്ചായത്തിനുണ്ടെങ്കിലും ഇവ ഫലപ്രദമായി സ്വരൂപിക്കുന്നില്ല. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, ഷോപ്പിംഗ് കോംപ്ലക്സ് വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള പ്രധാന വരുമാന മാർഗങ്ങൾ.

നികുതി, നികുതിയേതര വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതിയുടെ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തിയിട്ടുള്ളതാണ്. എന്നാൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ പൂർണ്ണമായും സമാഹരിച്ചിട്ടില്ല. തനത് വരവുകളുടെ ബജറ്റ് പ്രകാരമുള്ള തുകയും ഡിമാന്റ് ചെയ്ത വരവുകളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള കളക്ഷൻ | ഇൻകം & എക്സ്പെൻഡിച്ചർ പ്രാകരമുള്ള വരവ് |
|---|---|---|---|
| 1 | വസ്തുനികുതി | 10500000 | 8359815 |
| 2 | തൊഴിൽ നികുതി | 5500000 | 5421190 |
| 3 | ലൈസൻസ് ഫീസ് | 650000 | 460900 |
| 4 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് | 360000 | 103143 |
| 5 | വാടക | 5100000 | 4197088 |

### 1-11-1 വസ്തു നികുതി

ഗ്രാമപഞ്ചായത്തിലെ പ്രധാന വരുമാന സ്ത്രോതസ്സാണ് വസ്തുനികുതി. വസ്തു നികുതി കണക്കുകളുമായി ബന്ധപ്പെട്ട് സഞ്ചയയും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നിവ പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | വരവ് (രൂപ) |
|---|---|
| AFS പ്രകാരം വസ്തു നികുതി വരവ് | 9016296 |
| സഞ്ചയ DCB പ്രകാരം വരവ് | 9138552 |

1)വസ്തു നികുതി പരിഷ്കരണം

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് (16.06.2023 ലെ 2(1)- ാം തീരുമാനം) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല. വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

2)സേവന ഉപനികുതി ഈടാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത്

പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207 (1) ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ നികുതി ഈടാക്കുന്നില്ല. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതായതിനാൽ ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3)അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ 16 അനധികൃത കെട്ടിടങ്ങളുണ്ട്. ടി കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-11-2 തൊഴിൽ നികുതി

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകൾ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/ കോളേജുകൾ തുടങ്ങി തൊഴിൽ നികുതിയൊടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. സാമ്പത്തിക വർഷം തൊഴിൽ നികുതി ഇനത്തിൽ 5174190 രൂപ വരവുണ്ട്. ചട്ടം പ്രകാരമുള്ള പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കിസൂക്ഷിക്കുന്നില്ല. ലൈസൻസ് എടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും ക്രമപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 നം. (സി.എസ്) എ9-764/2019 സർക്കുലർ, ജി. ഒ (പി) 143/2008/ത.സ്വ.ഭ.വ/ തീ. 27.05.2008 സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

## 1-11-3 നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് വരവ്, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ. മുൻ വർഷത്തെ അപേക്ഷിച്ച് ലൈസൻസ് ഉൾപ്പെടെയുള്ള നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യസ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ക്രോഡീകരിച്ചിട്ടില്ലാത്തതുമൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല. ലൈസൻസ് അപേക്ഷകളിൽ വേണ്ടത്ര വിവരങ്ങൾ ചേർക്കാത്തതുമൂലം ഒടുക്കിയിരിക്കുന്ന ലൈസൻസ് ഫീസിന്റെ കൃത്യതയും ഉറപ്പാക്കാൻ സാധിക്കുന്നില്ല.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ പ്രധാന നികുതി വരുമാന മാർഗ്ഗങ്ങളിലൊന്നാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് 604 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് .ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. അവയിൽചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടാവുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം I&II |
|---|---|---|

| | | |
|---|---|---|
| 1 | ഹോം ടെക് ട്രേഡേഴ്സ്, തെക്കേമല | ” |
| 2 | ഡെന്റോ കെയർ ഡെന്റൽ ക്ലിനിക്, കോഴഞ്ചേരി | ” |
| 3 | കോരുക്കാട്ട് ഡെന്റൽ കോംപ്ലക്സ് | ” |
| 4 | ചുഴികുന്നിൽ ഫുട് വെയേഴ്സ്, കോഴഞ്ചേരി | ” |
| 5 | ചമയം സിൽക്സ് & സാരീസ്, കോഴഞ്ചേരി | ” |
| 6 | റോയൽ മൊബൈൽസ്, കോഴഞ്ചേരി | ” |
| 7 | സബ് ട്രഷറി , കോഴഞ്ചേരി | I |
| 8 | മൈക്രോ ലാബ് സ്പെഷ്യാലിറ്റി ഹെൽത്ത് കെയർ , കോഴഞ്ചേരി | I & II |
| 9 | തോമാച്ചൻ ട്രേഡിംഗ് കമ്പനി, കോഴഞ്ചേരി | II |
| 10 | ഉദയ സ്റ്റോഴ്സ് , കോഴഞ്ചേരി | II |
| 11 | അറേബ്യൻ റസ്റ്റോറന്റ്, | II |
| 12 | മുത്തൂറ്റ് വെഹിക്കിൾ &അസറ്റ് ഫിനാൻസ് ലിമിറ്റഡ് | II |
| 13 | ശാന്തിഗിരി സിദ്ധ വൈദ്യശാല | II |
| 14 | സെന്റ്.ജോർജ്ജ് ഹെൽത്ത് സെന്റർ | I & II |
| 15 | അലൻ&ഹാബർ ഡെന്റൽ ക്ലിനിക് | ” |
| 16 | കെയർ ഡയഗ്ണോസ്ററികസ് സെന്റർ | ” |
| 17 | ഔഷധി & വൈദ്യരത്നം ഏജൻസി | ” |
| 18 | ആയുർധാരാ ആയുർവ്വേദ ഹോസ്പിറ്റൽ | ” |
| 19 | റേഷൻ കടകൾ ( ARD 80 ഒഴിച്ച് ) | ” |
| 20 | കോഴഞ്ചേരി ഈസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘം | ” |
| 21 | കുടുംബശ്രീ സി.ഡി.എസ് ആക്കൗണ്ടന്റ് | ” |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | റേഷൻ കടകൾ (8) | I & Ii |
| 2 | കോഴഞ്ചേരി ഈസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘം | I & Ii |

3.2021-22 സാമ്പത്തിക വർഷം തൊഴിൽ നികുതി അടവാക്കിയ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ടി.വി.സുന്ദരം അയ്യങ്കാർ & സൺസ്, കോഴഞ്ചേരി | I & Ii |
| 2 | കുറ്റിക്കാട്ട് മോട്ടോഴ്സ്, കോഴഞ്ചേരി | I & Ii |
| 3 | എബ്രഹാം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | I & Ii |
| 4 | കൊശമറ്റം ഫിനാൻസിയേഴ്സ് ടൗൺ ബ്രാഞ്ച് | I & Ii |
| 5 | ബജാജ് അലിയൻസ് ലൈഫ് ഇൻഷ്വറൻസ് കമ്പനി | I & Ii |
| 6 | ഇ.സി.ഐ.റ്റി. കോഴഞ്ചേരി | I & Ii |
| 7 | പി.സി.പ്ലാനറ്റ് , കോഴഞ്ചേരി | I & Ii |

4. 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | മോത്തി ഹോട്ടൽസ്&റിസോർട്സ്, കോഴഞ്ചേരി | 15 |
| 2 | വയനാട് എക്സ്പോർട്സ്, കോഴഞ്ചേരി ഈസ്റ്റ് | 19 |

| | | |
|---|---|---|
| 3 | വയനാട് ഫുഡ് എക്സ്പോർട്സ്, കോഴഞ്ചേരി | 10 |
| 4 | ഹോട്ടൽ പാർക്ക് റസിഡൻസി, കോഴഞ്ചേരി | 15 |
| 5 | സെന്റ് ജോർജ്ജ് ഗോർമറ്റ്, കോഴഞ്ചേരി | 22 |
| 6 | അർജ്ജുൻ ഗ്യാസ് ഏജൻസി കോഴഞ്ചേരി | 9 |
| 7 | ജെനിസീസ് ഡെക്കോർ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, കോഴഞ്ചേരി | 9 |
| 8 | മുത്തൂറ്റ് ഹോണ്ട, കോഴഞ്ചേരി | 16 |
| 9 | ഹോട്ടൽ ഇന്ദ്രപ്രസ്ഥ, കോഴഞ്ചേരി | 22 |
| 10 | പട്ടേരിൽ സിൽക്സ് , കോഴഞ്ചേരി | 9 |
| 11 | സപ്ളൈകോ സൂപ്പർമാർക്കറ്റ്, കോഴഞ്ചേരി | 11 |
| 12 | തെള്ളീരേത്ത് മാർജിൻ ഫ്രീ മാർക്കറ്റ്, കോഴഞ്ചേരി | 7 |
| 13 | ഹോട്ടൽ ആനന്ദ ഭവൻ, കോഴഞ്ചേരി | 7 |
| 14 | ജോർജ്ജ് മെറ്റൽ കോർപ്സ്, കോഴഞ്ചേരി | 6 |
| 15 | മെഡിവിഷൻ സ്കാൻ&ഡയഗ്ണോസ്റ്റികസ് , കോഴഞ്ചേരി | 7 |
| 16 | ആദീസ് ഡെയിലി ഫ്രഷ്, കോഴഞ്ചേരി | 10 |
| 17 | ചെറുകര മോട്ടോഴ്സ്, കോഴഞ്ചേരി | 6 |
| 18 | ജെയിസൺ&ജെയിസൺ അപ്പാരൽസ്, കോഴഞ്ചേരി | 6 |
| 19 | ബെസ്റ്റ് ഫുഡ് കേറ്റേഴ്സ്, കോഴഞ്ചേരി | 4 |
| 20 | ജെസ്&ജെമ്സ് കൊറിയർ സർവ്വീസ് , കോഴഞ്ചേരി | 5 |
| 21 | മലനാട് ഫാർമസ്യൂട്ടിക്കൽസ് , കോഴഞ്ചേരി | 5 |
| 22 | കെ.എസ്.ഹോളോബ്രിക‌സ്, കോഴഞ്ചേരി | 4 |
| 23 | സിഗ്നേച്ചർ ലോൻച്ച് യൂണിസെക്സ് സലൂൺ, കോഴഞ്ചേരി | 4 |
| 24 | തോംസൺ ബേക്കറി, കോഴഞ്ചേരി | 5 |
| 25 | മൈക്രോലാബ് ലബോറട്ടറി,കോഴഞ്ചേരി | 21 |
| 26 | സാരഥി ഏജൻസി (പെട്രോൾ പമ്പ് ), കോഴഞ്ചേരി | 8 |
| 27 | സാംസൺ ഫാർമസ്യൂട്ടിക്കൽസ് , കോഴഞ്ചേരി | 3 |
| 28 | ത്രിവേണി സൂപ്പർമാർക്കറ്റ് , കോഴഞ്ചേരി | 3 |

5. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.ജയപ്രകാശ് ആർ

2.ജേക്കബ് കുര്യൻ

3.രാജേഷ് ടി.സി

4.എം.ഹരിഹരൻ

5.പ്രസാദ് സി.എസ്

6.വിജീഷ് ആർ നായർ

7.ബിജു കെ.ജി

8.കെ.വിജയകുമാരൻ നായർ

9. വിപിൻ വി

10.സോമശേഖരൻ നായർ

11.കെ.ജെ വിജയകുമാർ

12.മജോ ജോസഫ്

13.ബാലചന്ദ്രൻ നായർ എം.വി

14.അതുൽ കൃഷ്ണ

15.റോഹിൻ ജയൻ

16.പുരുഷോത്തമൻ നായർ

17.വിഷ്ണു പുരുഷോത്തമൻ

18.സുനിൽ കുമാർ പി.കെ

19.അജിമോൻ കെ

മേൽപ്പറഞ്ഞ കരാറുകാർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

6.സ്വയം തൊഴിൽ ചെയ്യുന്നവരിൽനിന്ന് നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തോ, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിനു പുറത്തോ വിവിധ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആധാരമെഴുത്തുകാർ, അഭിഭാഷകർ, ഡോക്ടർമാർ, വാണിജ്യ വാഹന ഉടമകൾ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ തുടങ്ങി നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വലിയൊരു വിഭാഗം ആളുകൾ നിലവിൽ തൊഴിൽനികുതി അടയ്ക്കാതിരിക്കുന്നത് പഞ്ചായത്ത് നികുതി ഡിമാൻഡ് ചെയ്യാത്തതിനാലാണ്.

തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട തുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-13 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

ഒരേ ഉടമസ്ഥതയിലും ഉപയോഗക്രമത്തിലും ഉള്ള കെട്ടിടങ്ങളെ ഒന്നായി പരിഗണിച്ച് വസ്തുനികുതി കണക്കാക്കാത്തതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | നിർണയിച്ച അടിസ്ഥാന നികുതി(രൂ/ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി(രൂ/ച.മീ) |
|---|---|---|---|---|---|
| 1 | കോശി ശാമുവേൽ, പടിഞ്ഞാറ്റേടത്ത് ഗ്രേയ്സ് | 13/1201 | 20.36 | 50 | 70 |
| | | 13/1202 | 20.36 | | |
| | | 13/1203 | 20.36 | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | 13/1204 | 20.36 | | |
| | | 13/1205 | 20.36 | | |
| | | 13/1206 | 20.36 | | |
| | | 13/1207 | 20.36 | | |
| | | 13/1208 | 20.36 | | |
| | | 13/1209 | 20.36 | | |
| | ഭവൻ,കോഴഞ്ചേരി | 13/1210 | 20.36 | | |
| | | 13/1211 | 20.36 | | |
| | | 13/1212 | 20.36 | | |
| | | 13/1213 | 20.36 | | |
| | | 13/1214 | 20.36 | | |
| | | 13/1215 | 20.36 | | |
| | | 13/1216 | 20.36 | | |
| | | 13/1217 | 20.36 | | |
| 2 | എം എ എബ്രഹാം, മുളമൂട്ടിൽ, കോഴഞ്ചേരി | 4/122 | 22 | 50 | 70 |
| | | 4/123 | 43 | | |
| | | 4/124 | 41 | | |
| | | 4/125 | 40 | | |
| | | 4/126 | 28 | | |
| | | 4/127 | 28 | | |
| | | 4/128 | 22 | | |
| | | 4/129 | 20 | | |
| | | 4/130 | 43 | | |
| | | 4/131 | 22 | | |
| 3 | രാജേന്ദ്രക്കുറുപ്പ്, പഴഞ്ഞിയിൽ, കോഴഞ്ചേരി | 13/1534 | 31.6 | 50 | 70 |
| | | 13/1535 | 31.6 | | |
| | | 13/1536 | 31.6 | | |
| | | 13/1537 | 69.52 | | |
| | | 13/1538 | 94.8 | | |
| 4 | പി എസ് നൌഷാദ് ലബ്ബ, സംസം ഹൌസ്, കോഴഞ്ചേരി | 13/827 | 45.24 | 50 | 70 |
| | | 13/828 | 44 | | |
| | | 13/829 | 34.92 | | |

(100 ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വസ്തുനികുതി ച.മീറ്ററിന് 50/- രൂപയും 100ച.മീറ്ററിനു മുകളിലുള്ളവയ്ക്ക് 70/- രൂപയുമായി നിശ്ചയിച്ച് പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.)

ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് പറയുന്നു. മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് ഒരേ ഉടമസ്ഥതയും ഉപയോഗക്രമവുമുള്ളതിനാൽ ച.മീറ്ററിന് 70രൂപ നിരക്കിലായിരുന്നു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15/12.10.2023), ടി കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയം നടത്തി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പുനർ നിർണയിച്ച് അറിയിക്കേണ്ടതാണ്.

## 1-14 വ്യവസായ ആവശ്യത്തിന് നിർമ്മിച്ച കെട്ടിടം നമ്പരിട്ട് നൽകി - പരിശോധനാറിപ്പോർട്ട്

പൂർണ്ണമല്ല

കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷാ ഫയൽ നമ്പർ - C4/5987/2020 തീയതി 16-10-2020

അപേക്ഷകന്റെ പേര് - ശ്രീമതി സൂസൻ ഷാജി & ശ്രീ ഷാജി മാത്യു, പുളിമൂട്ടിൽ

കെട്ടിടത്തിന്റെ ഉപയോഗം - വ്യവസായ ആവശ്യം, സ്റ്റോറേജ്

നിർമ്മാണത്തിന് അപേക്ഷിച്ച കെട്ടിടഭാഗത്തിന്റെ തറവിസ്തീർണ്ണം-

സ്റ്റോറേജ് - 488.62 M2 (രണ്ടാം നില)

വ്യവസായ ആവശ്യം - (രണ്ടാം നില – 246.95 M2, സ്റ്റെയർ റൂം - 21.25 M2)

വ്യവസായ ആവശ്യത്തിന് നിലവിലുള്ള ഇരുനിലക്കെട്ടിടത്തോട് (ഗ്രൗണ്ട് ഫ്ലോർ & ഒന്നാം നില, ബിൽഡിംഗ് നമ്പർ 5/29, 5/571) (Group G1 – വ്യവസായ ആവശ്യം) അധികമായി ഒരു നില, സ്റ്റെയർകേസ് കാബിൻ എന്നിവ കൂട്ടിച്ചേർക്കുന്നതിനും Storage Occuppancy ഉപയോഗത്തിനുള്ള കെട്ടിടത്തോട് (രണ്ട് നില, ബിൽഡിംഗ് നമ്പർ 5/600) അധികമായി ഒരു നില, സ്റ്റെയർകേസ് കാബിൻ എന്നിവ കൂട്ടിച്ചേർക്കുന്നതിനുമാണ് അപേക്ഷിച്ചിരുന്നത്. വ്യവസായ ആവശ്യത്തിനും സ്റ്റോറേജ് ആവശ്യത്തിനും ഉള്ള കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം യഥാക്രമം 986.98 ച.മീറ്ററും 1525.9 ച.മീറ്ററും ആണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വിവിധ ഘട്ടങ്ങളിലെ സ്ഥലപരിശോധനാ റിപ്പോർട്ടുകൾ, Fire NOC, ജില്ലാ ടൗൺ പ്ലാനറുടെ അനുമതി എന്നിവ ലഭ്യമായതിനെത്തുടർന്ന് 2022-23 ൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന് നമ്പരിട്ട് നൽകി. നിർമ്മാണത്തിന് 13-7-2021 ലെ TCPPTA/230/2021-C നമ്പർ ആയി ജില്ലാ ടൗൺ പ്ലാനർ നൽകിയ അനുമതിയിൽ Water Reuse And Recycling സംവിധാനം ഉണ്ടാവണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ടി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനാറിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല എന്നത് അപാകം ആണ്.

മേൽസൂചിപ്പിച്ച വിഷയത്തിൽ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-15 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല

പഞ്ചായത്തിലെ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് വിവരം | കുടിശ്ശിക തുക |
|---|---|---|---|
| 1 | 12/80 | എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി ഡബ്ല്യു ഡി റോഡ് ഡിവിഷൻ,കോഴഞ്ചേരി | 20790 |
| 2 | 12/210 | എ ഇ ഒ ഓഫീസർ, തെക്കേമല | 47371 |
| 3 | 12/211 | എക്സിക്യൂട്ടീവ് എൻജിനിയർ, പി ഐ പി ചെങ്ങന്നൂർ | 5040 |
| 4 | 12/214 | എക്സി എൻജിനിയർ, പി ഐ പി ചെങ്ങന്നൂർ | 19140 |
| 5 | 12/215 | എക്സി എൻജിനിയർ, പി ഐ പി ചെങ്ങന്നൂർ | 32961 |
| 6 | 13/593 | ഈശോ ഫിലിപ്പ്, പള്ളിപ്പീടികയില്, കോഴഞ്ചേരി | 7400 |
| 7 | 13/1229 | ഏബ്രഹാം ജോർജ്, മങ്ങാട്ട് പഴഞ്ഞിയിൽ, കോഴഞ്ചേരി | 5292 |
| 8 | 13/1363 | ലിസാ മാത്യു, കോലത്തുപീടികയിൽ, കോഴഞ്ചേരി | 6350 |
| 9 | 13/1510 | സി പി സലീം, സലീംമൻസിൽ, കോഴഞ്ചേരി | 3283 |
| 10 | 13/1539 | കെ ജി വിശ്വനാഥപിള്ള, തെക്കേകോര്കാട്ട്, കോഴഞ്ചേരി | 5200 |
| 11 | 12/81 | അസി.എഞ്ചിനിയർ, പിഡബ്ളുഡി റോഡ്സ് സെക്ഷൻ, കോഴഞ്ചേരി | 4410 |
| 12 | 12/82 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, പി ഐ പി സബ്ഡിവിഷൻ, കോഴഞ്ചേരി | 4031 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/07.10.2023), ടി. കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി

നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നടപടികൾ വേഗത്തിലാക്കി വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 ലൈസൻസ് ഫീസ് പിരിവ്- അപാകതകൾ

ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല

ഡിമാന്റ് ചെയ്തിരിക്കുന്ന ലൈസൻസ് തുക പൂർണമായും പിരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് വ്യക്തത വരുത്തുന്നതിന് പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധനയ്ക്ക് നൽകുന്നതിന് എൻക്വയറി നൽകി. മറുപടിയോടൊപ്പം ഹാജരാക്കിയത് പൂർണമല്ലാത്ത ഡിമാന്റ് രജിസ്റ്ററാണ്. തുടർ പരിശോധനയിൽ കോഴഞ്ചേരി ഗ്രാമ പഞ്ചായത്തിലെ സഞ്ചയ പ്രകാരമുള്ള ആകെ വാണിജ്യ സ്ഥാപനങ്ങളുടെ വാണിജ്യ/വ്യവസായിക കടമുറികളുടെ എണ്ണവും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ അന്തരം കണ്ടു. ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റ് പരിധിയിൽ കണക്കാക്കി ലൈസൻസ് എടുത്തില്ല എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ

| വാർഡ് നം. | സഞ്ചയപ്രകാരം വാണിജ്യ/ വ്യവസായ കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 1 | 12 |
| 2 | 25 |
| 3 | 16 |
| 4 | 132 |
| 5 | 76 |
| 6 | 10 |
| 7 | 29 |
| 8 | 10 |
| 9 | 28 |
| 10 | 51 |
| 11 | 24 |
| 12 | 90 |
| 13 | 934 |
| ആകെ | 1437 |

1437 വ്യത്യസ്ത വാണിജ്യ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ലൈസൻസ് എടുത്തിരിക്കുന്നത് 604 സ്ഥാപനങ്ങളാണ്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/09.10.23) നൽകിയ മറുപടിയിൽ 2507 വാണിജ്യസ്ഥാപനങ്ങൾ ഉള്ളതായി പറഞ്ഞിട്ടുണ്ട്. ഇത്തരം അന്തരം ഒഴിവാക്കുന്നതിന് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുക തന്നെ വേണം. സഞ്ചയ സോഫ്റ്റ്‌വെയർ , ഹരിതകർമസേന തയ്യാറാക്കുന്ന ഡേറ്റാ ബേസ് എന്നിവയുടെ സഹായത്താൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതാണ്.

ബി)മൂലധനനിക്ഷേപം, യന്ത്രോപകരണത്തിന്റെ ഉപയോഗം എന്നിവ ലൈസൻസ് ഫീസുമായി ബന്ധപ്പെടുത്തിയില്ല

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ വർഗീകരിക്കുകയും വിവിധ സ്ലാബുകളിൽ ഏതിൽ ഉൾപ്പെടുന്നുവെന്നതിനനുസൃതമായി ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ് എന്ന് ജി.ഒ(പി) നം. 80/2017 വിജ്ഞാപന പ്രകാരം സർക്കാർ നിർദേശിച്ചിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്തിലെ വാർഡ് 5 ൽ പ്രവർത്തിക്കുന്ന വയനാട് സ്പൈസസ് എന്ന സ്ഥാപനത്തിന്റെ ആപ്ലിക്കേഷനിൽ മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല . എന്നാൽ 2000 രൂപ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ കെട്ടിടത്തിന് മാറ്റം വരുത്തുന്നതിനുള്ള പെർമിറ്റിനായി ഉടമ അപേക്ഷിച്ചിട്ടുണ്ട്. ആയതിന്റെ പരിശോധനയിൽ അപേക്ഷയ്ക്കൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ ടി സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 3 കോടിയിലധികമാണ്. മാനുഫാക്ചറിംഗ് മേഖലയിൽ പെട്ട സ്ഥാപനമായതുകൊണ്ട് മാനുഫാക്ചർ സെക്ടർ – സ്മാൾ എന്റർപ്രൈസസിൽ ഉൾപ്പെടുത്തി 5000 രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ട സ്ഥാനത്ത് 2000 രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. സ്ഥാപനത്തിൽ 72.75 കുതിരശക്തിയുള്ള യന്ത്രം ഉപയോഗിക്കുന്നതായും പെർമിറ്റിനുള്ള അപേക്ഷയിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ആയതിന്റെ ഫീസ് ഈടാക്കിയില്ല. ബാക്കി ലൈസൻസ് ഫീസ് , യന്ത്രം ഉപയോഗിക്കുന്നതിന്റെ ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

അപേക്ഷകളിൽ ഫീസ് നിശ്ചയിക്കുന്നതിനുള്ള വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തി സമർപ്പിക്കുന്നതിന് നിർദേശിക്കേണ്ടതാണ്.

## 1-17 ഗ്രാമപഞ്ചായത്ത് വക കടമുറികൾ- തൻ വർഷത്തെ വാടക ഈടാക്കാനുള്ളത് 7.3 ലക്ഷം രൂപ

2022-23 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കടമുറികൾ വാടകയ്ക്കെടുത്ത താഴെപ്പറയുന്ന വ്യക്തികൾ തൻ വർഷത്തെ വാടക ഒടുക്കിയിട്ടില്ല എന്ന് വ്യക്തമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി വാടക ഒടുക്കാത്തവരുടെ വിശദാംശം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| റൂം/സ്റ്റാൾ നമ്പർ | വാടകക്കാരന്റെ പേരും മേൽവിലാസവും | കുടിശ്ശിക കാലയളവ് | പ്രതിമാസ വാടക | ആകെ വാടക കുടിശ്ശിക |
|---|---|---|---|---|
| SC 2 | എം.കെ ഗോപാല കൃഷ്ണൻ, മനവേലിൽ ചിറയിൽ, ചെറുകോൽ | 4/22-3/23 | 9498 | 113976 |
| SC 4 | എബ്രഹാം ജോർജ്ജ്, മേലേക്കിഴക്കേതിൽ, കോഴഞ്ചേരി | 10/22-3/23 | 9498 | 56988 |
| SC 5 | അനില വർഗ്ഗീസ്, കൊച്ചുകിഴക്കേതിൽ , കീഴുകര | 9/22-3/23 | 9972 | 69804 |
| SC 8 | രാജശേഖരക്കുറുപ്പ്, പഴഞ്ഞിയിൽ, കോഴഞ്ചേരി | 4/22-3/23 | 10221 | 122652 |
| SC 13 | ഗ്രീഷ്മ സുനിൽ, ഉണ്ടിയിൽ കാലായിൽ, കോഴഞ്ചേരി | 4/22-3/23 | 7120 | 85540 |
| SC 15 | സുനിൽ, ഉണ്ടിയിൽ കാലായിൽ, കോഴഞ്ചേരി | 4/22-3/23 | 7120 | 85540 |
| SC 23 | വി.ജി. ശ്രീകാന്ത്, കോരുക്കാട്ട്, കോഴഞ്ചേരി | 10/22-3/23 | 4303 | 25818 |
| Stair 1 | രാജശേഖരക്കുറുപ്പ്, പഴഞ്ഞിയിൽ, കോഴഞ്ചേരി | 1/23-3/23 | 3166 | 9498 |
| Stair 2 | വി.ആർ. സതീശൻ | 4/22-3/23 | 2377 | 28524 |
| Block B-1 | എബ്രഹാം മത്തായി, ചെന്തിട്ട തെക്കേതിൽ, കോഴഞ്ചേരി | 4/22-3/23 | 2286 | 27432 |
| B-2 | മുഹമ്മദ്, കരിയാൻ പുത്തൻ വീട്, തൃക്കുന്നപ്പുഴ | 4/22-3/23 | 2636 | 31632 |
| B-3 | മുഹമ്മദ്, കരിയാൻ പുത്തൻ വീട്, തൃക്കുന്നപ്പുഴ | 4/22-3/23 | 1547 | 18564 |
| C-5 | മോൻസി തോമസ് | 4/22-3/23 | 5347 | 64164 |
| | | | | 740132 |

വാടക കുടിശ്ശിക വരുത്തിയവർക്കുതന്നെ തുടർന്നും കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിൽ കൃത്യവിലോപം ഉണ്ടായിട്ടുണ്ട്. വാടകക്കുടിശ്ശിക, ജി.എസ്.റ്റി., പിഴപ്പലിശ എന്നിവ സഹിതം അടിയന്തിരമായി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വാടകക്കുടിശ്ശിക സംബന്ധിച്ച് കൃത്യമായ രേഖകളില്ല- ഈടാക്കാനുള്ളത് ലക്ഷങ്ങൾ

വാർഷിക കണക്ക് പ്രകാരം 31/03/22 വരെയുള്ള കാലയളവിലെ വാടകക്കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ളത് 1429829 രൂപയാണ്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിലും രേഖകൾ കൃത്യമാക്കി സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. കുറച്ച് കടമുറികളുടെ വാടകക്കുടിശ്ശിക റവന്യൂ റിക്കവറി നടത്തി ഈടാക്കിയിട്ടുണ്ടെങ്കിലും കടമുറിയുടേയോ വാടകയ്ക്ക് എടുത്തിരുന്ന വ്യക്തിയുടെയോ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ദീർഘ നാളായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ള കുത്തകക്കാരുടെ കുത്തകാവകാശം ഒഴിപ്പിച്ച് പുനർ

ലേലം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. വാടക കുടിശ്ശിക, ബന്ധപ്പെട്ട നികുതികളുൾപ്പെടെ പിഴപ്പലിശ സഹിതം അടിയന്തിരമായി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടി യുക്തമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് -ഈടാക്കാനുള്ളത് 1.63 ലക്ഷം രൂപ

2022-23 വർഷത്തെ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം ലേലം ചെയ്യാതെ മുൻവർഷത്തെ കരാറുകാരനായ ശ്രീ.ഭുവനചന്ദ്രൻ നായർക്കുതന്നെ കരാർ തുകയുടെ 2.5% വർദ്ധനവ് വരുത്തി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു(17/01/22-ലെ 4(1) നമ്പർ തീരുമാനം). ഇതനുസരിച്ച് കരാർ തുകയായ 272291 രൂപയുടെ 40% തുകയായ 108916 രൂപ 24/02/2022-ലെ 121030105950 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. ബാക്കി തുക 163375 രൂപ ഒടുക്കിയത് സംബന്ധിച്ച് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലില്ല. ഈ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമില്ല. തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 വാടക-ബൈലോയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല

ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് അടിസ്ഥാന വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്(സി.5-191413/14/ തീയതി 12.11.2014). ബൈലോയിലെ വ്യവസ്ഥ അനുസരിച്ച് കടമുറികൾ കൈവശം വയ്ക്കാനുള്ള അവകാശം വർഷാവർഷമോ അഥവാ പരമാവധി 3 വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കോ പരസ്യലേലം മുഖേന ഉറപ്പിച്ച് നൽകേണ്ടതാണ്. പലിശ രഹിത ഡെപ്പോസിറ്റ് തുകയുടെ അടിസ്ഥാനത്തിൽ ലേലം നടത്തേണ്ടതും മാസ വാടക ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതുമാണ്. കടമുറിയുടെ വാടകയിൻമേൽ ഏറ്റവും കുറഞ്ഞത് 5% വാർഷിക വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ കടമുറികൾ ലേലം ചെയ്യുമ്പോഴും വാർഷിക വർദ്ധനവ് നടപ്പിലാക്കുമ്പോഴും ബൈലോയിലെ വ്യവസ്ഥകൾ ഒന്നും പാലിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ വകയായുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ദീർഘകാലമായി ഒരേ വാടകക്കാർ തന്നെ കൈവശം വച്ച് വരുന്നു. 2013-14-ൽ നടത്തിയ ലേലത്തിൽ കടമുറികൾ വാടകയ്ക്ക് എടുത്തവർ തന്നെയാണ് നിലവിലും രേഖകൾ പ്രകാരം അവ ഉപയോഗിച്ചുവരുന്നത്. 2022-23ൽ 2.5% മാത്രമാണ് വാടക വർദ്ധിപ്പിച്ചിട്ടുള്ളത്.

ബൈലോ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതും ആയതിലെ വ്യവസ്ഥകൾക്കനുസൃതമായി കടമുറികൾ വാടകയ്ക്ക് നൽകുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു. ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്ത് വക ബസ് സ്റ്റാൻഡിലേയും മാർക്കറ്റിലേയും നിരവധി കടമുറികൾ 2022-23 വർഷം ഒഴിഞ്ഞ് കിടക്കുകയാണ്. ലേലം, പുനർലേലം, ക്വട്ടേഷൻ, റീക്വട്ടേഷൻ നടപടിക്രമങ്ങൾ എല്ലാം പൂർത്തിയാക്കിയിട്ടും കടമുറികൾ വാടകയ്ക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല. ബസ് സ്റ്റാൻഡിനും മാർക്കറ്റിനും വണ്ടിപ്പേട്ടയ്ക്ക് സമീപത്തും വലിയതോതിൽ അനധികൃത വ്യാപാരം നടക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് വക സ്ഥലത്തുള്ള ഈ അനധികൃത വ്യാപാരത്തിനെതിരേ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചയത്തിന് സാധിച്ചിട്ടില്ല. ഇത് മൂലം ഗ്രാമപഞ്ചായത്ത് വക കടമുറികൾ ഒഴിഞ്ഞ് കിടക്കുകയും വലിയ വരുമാന നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. 2022-23 വർഷം ഒഴിഞ്ഞ് കിടന്ന കടമുറികളുടെ വിവരം ചുവടെ ചേർക്കുന്നു,

| ക്രമ നമ്പർ | കടമുറിയുടെ വിശദാംശം |
|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് നം.22, 24 |
| 2 | മാർക്കറ്റ് ബ്ലോക്ക് C-1, C-2, C-3, C-9, C-10, Open Stall 13, കംഫർട്ട് സ്റ്റേഷൻ |

അനധികൃത വ്യാപാരം തടയാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതും മാർക്കറ്റിലെ കടമുറികൾക്ക് ആവശ്യമായ മെയിന്റനൻസ് നടത്തി വാടകയ്ക്ക് നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം അടിയന്തിര തുടർനടപടികൾക്കായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 ലേല വരവ് ബാധ്യതാ ഹെഡിൽ അക്കൗണ്ട് ചെയ്യുന്നു- ലേല ഡെപ്പോസിറ്റ് ബാധ്യത 0.71 കോടി രൂപ

2022-23 വർഷത്തെ മാർക്കറ്റ് /ബസ് സ്റ്റാൻഡ് ലേലം ചെയ്തത് പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച വരവ് Auction Deposit

-ന്റെ ബാധ്യതാ ഹെഡിലാണ് (340200102)അക്കൗണ്ട് ചെയ്തിരിക്കുന്നത്. മുൻ വർഷങ്ങളിലെ ലേലം ഇനത്തിലുള്ള വരവും ഇപ്രകാരം ബാധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. Auction Deposit എന്ന ഹെഡിൽ മാത്രം ഗ്രാമപഞ്ചായത്തിന്റെ ബാധ്യത 7171271 രൂപയാണ്. ഇത്തരത്തിലുള്ള തെറ്റായ അക്കൗണ്ടിംഗ് ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയായി മാറുവാൻ ഇടയാകുമെന്നതിനാൽ ഇക്കാര്യം പരിശോധിച്ച് അക്കൗണ്ടിലെ അപാകത പരിഗണിച്ച്, വരവ് തുകകൾ ബാധ്യതാ ഹെഡിൽ നിന്ന് ഒഴിവാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളില്ല

ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ പറയുന്ന സ്ഥാവര ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥാവകാശത്തിലുള്ളതാണെന്ന് തെളിയിക്കുന്നതിന് ആധാരം ഉൾപ്പടെയുള്ള രേഖകൾ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല. വസ്തുക്കൾ ഗ്രാമപഞ്ചായത്തിന്റെ പേരിൽക്കൂട്ടി കരം ഒടുക്കിയിട്ടുമില്ല. ആസ്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സർവ്വേ നം | വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|
| 281/5 | 26 ആർ 55ച.മീ | പഞ്ചായത്ത് മാർക്കറ്റ് |
| 338/6(1) | 19 ആർ 2.09 ച.മീ. | പഞ്ചായത്ത് ബസ് സ്റ്റാൻഡ് |
| 355 | 350 ച.മീ. | മേലുകര കിഴക്ക് ഭാഗം പഴയ സ്കൂൾ സ്ഥലം |
| 251 | 60ആർ | ഗവ. യു.പി. സ്കൂൾ, കോഴഞ്ചേരി ഈസ്റ്റ് |
| 221 | 150 ച.മീ. | കോഴഞ്ചേരി ഈസ്റ്റ് അംഗനവാടി സ്ഥലം |
| 114 | 2 ആർ | മേലുകര ഫാമിലി വെൽഫെയർ സെന്റർ സ്ഥലം |
| 215 | 3 ആർ 50 ച.മീ. | മേലുകര അംഗനവാടി(FW Centre) സ്ഥലം |
| 210 | 3 ആർ | മേലുകര കോളനി അംഗനവാടി സ്ഥലം |
| 1 | 2 ആർ | 81ാം നമ്പർ അങ്കണവാടി |
| 243/2-1-7 | 1 ആർ 51 ച.മീ. | അങ്കണവാടി അഞ്ചുകല്ലുപുരയിടം, വാർഡ് 8 |
| 562/2-1-3 | 2 ആർ 2 ച.മീ. | 3ാം നമ്പർ അങ്കണവാടി, വാർഡ് 3 |
| | 5 ആർ 64.5 ച.മീ. | ടാക്സി സ്റ്റാൻഡ് |
| 337/1/D/1<br>337/2 | 9 ആർ, 64.5 ച.മീ. | - |
| 251/22, 251/25, 251/26, 251/27, 251/28, 324/3 | 9 ആർ 38.88 ച.മീ. | പഞ്ചായത്ത് സ്റ്റേഡിയം |
| 19/1 | 7 ആർ 69.5 ച.മീ. | ചിൽഡ്രൻസ് ഹോസ്പിറ്റൽ, പുതുപ്പറമ്പ് |
| 337/D | 20 ആർ 25 ച.മീ. | - |
| | 25 ആർ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് |
| 312/1 | 24 ആർ 30 ച.മീ. | വണ്ടിപ്പേട്ട -കോഴഞ്ചേരി ടൗൺ |
| | 24 ആർ 30 ച.മീ | കുരങ്ങുമല സാംസ്കാരിക കേന്ദ്രം |
| | 1 ആർ 62ച.മീ. | 90ാം നമ്പർ അങ്കണവാടിക്കുള്ള സ്ഥലം |
| 315/2 | 32 ആർ 40 ച. മീറ്റർ | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് |
| 212/1 | 8.10 ആർ | - |
| 19/1 | 1.62 ആർ | പന്നിവേലിച്ചിറ അങ്കണവാടി |
| 22/1A | 1.62 ആർ | കുരങ്ങുമല അങ്കണവാടി |
| 543/8/1 | 2ആർ 92ച.മീ. | - |
| 329/1-1 | 43.333സെന്റ് | - |
| 337/1 | 20 സെന്റ് | - |

വസ്തുക്കളുടെ കൃത്യമായ സർവ്വേ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങളല്ല ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വില്ലേജ് ഓഫീസിൽ നിന്നും വസ്തുക്കളുടെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന്

ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ ആസ്തിയിൻമേലുള്ള കയ്യേറ്റത്തിനെതിരേ ഫലപ്രദമായ തുടർനടപടികൾ സ്വീകരിക്കുവാനും കഴിയുന്നില്ല. ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ ഭൂമി കയ്യേറിയിട്ടുണ്ട്. ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-24 ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണം- അവലോകനം

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിനുകീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിലുൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. നഗരസ്വഭാവമുള്ള കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിരവധി വ്യാപാര സ്ഥാപനങ്ങളും ആശുപത്രികളും പ്രവർത്തിക്കുന്നതിനാൽ മാലിന്യ നിർമ്മാർജ്ജനം ഗുരുതര പ്രശ്നമായി മാറിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയെങ്കിലും, മാലിന്യ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം കാണാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിലെ മാർക്കറ്റിലും, സ്റ്റേഡിയത്തിലും സ്ഥാപിച്ച രണ്ട് ബയോഗ്യാസ് പ്ലാന്റുകളും നിലവിൽ പ്രവർത്തനരഹിതമാണ്. ജൈവമാലിന്യ സംസ്കരണത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല. കീർത്തി ഏജൻസീസ് എന്ന സ്വകാര്യ സ്ഥാപനത്തെ മാലിന്യ സംസ്കരണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും കൃത്യമായ മോണിട്ടറിംഗ് സംവിധാനം നിലവിലില്ല. മാർക്കറ്റിൽ തുമ്പൂർമൂഴി മാലിന്യ സംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായില്ല. ഗാർഹിക ജൈവമാലിന്യ സംസ്കരണത്തിനായി 2020-21 വർഷം റിംഗ് കംപോസ്റ്റ് നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായില്ല. 2021-22, 2022-23 വർഷങ്ങളിലായി ഗാർഹിക ബയോബിൻ നൽകുന്ന പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തുകൂടി ഒഴുകുന്ന പമ്പാ നദിയും കൈത്തോടുകളും ചാലുകളും മാലിന്യ നിക്ഷേപ ഭീഷണി നേരിടുകയാണ്. ടൗണിന് സമീപത്തുകൂടി ഒഴുകുന്ന കണിയാൻ ചാൽ വലിയ തോതിൽ മലിനമായിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യ പരിപാലന നിയമാവലി തയ്യാറാക്കി അംഗീകാരം വാങ്ങുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുന്നതിന് കൃത്യമായ പരിശോധനകൾ നടക്കുന്നില്ല.

ആകെ 4824 വീടുകളും 2507 വാണിജ്യ സ്ഥാപനങ്ങളുമാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2502 വീടുകളും 352 വാണിജ്യ സ്ഥാപനങ്ങളും മാത്രമാണ് യൂസർ ഫീസ് നൽകി അജൈവ മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നത്. ഈ വിഷയത്തിൽ ഫലപ്രദമായ തുടർനടപടികൾ ഉണ്ടായിട്ടില്ല. വീടുകൾക്ക് 50 രൂപയും സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും ഹരിതകർമ്മസേന പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ വീടുകളും സ്ഥാപനങ്ങളും സഹകരിക്കാത്തതിനാൽ മാലിന്യ പരിപാലന പദ്ധതി ലക്ഷ്യം കാണുന്നില്ല. സ്മാർട്ട് ഗാർബേജ് സംവിധാനവും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. എം.സി.എഫ്, മിനി എം.സി.എഫുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിൽ നിർമ്മിച്ചിട്ടുള്ള എം.സി.എഫിന് വൈദ്യുതി, കുടിവെള്ള, ടോയ്‌ലറ്റ് സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. 2023-24 വർഷം ഇതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഹരിത കർമസേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്കെതിരേ നടപടികൾ സ്വീകരിക്കാത്തതിനാൽ മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പു വരുത്താനും കഴിഞ്ഞിട്ടില്ല. മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിനായി സ്റ്റേഡിയത്തിന് സമീപം ക്യാമറ സ്ഥാപിച്ചുവെങ്കിലും ഫലപ്രദമായില്ലെന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തന്നെ വിലയിരുത്തിയിട്ടുണ്ട്.

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിതകർമസേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും വാർഡ് തല സാനിറ്റേഷൻ കമ്മിറ്റി മുഖേനയും ഗ്രാമസഭകൾ മുഖേനയും ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഒപ്പംതന്നെ മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതിനായി അത്തരം പ്രവൃത്തികൾ തെളിവു സഹിതം റിപ്പോർട്ട് ചെയ്യുന്നവർക്ക് പിഴത്തുകയുടെ മൂന്നിലൊന്ന് പാരിതോഷികം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

മാലിന്യസംസ്കരണത്തിനൊപ്പം വിനോദസഞ്ചാര- തൊഴിൽ സംരംഭ വികസനം സാധ്യമാക്കുന്ന സർക്കാരിന്റെ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നിർമ്മിച്ച ശുചിത്വ സമുച്ചയം പ്രോജക്ട് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. .

ശുപാർശകൾ .

എ) ഹരിതകർമസേനാ പ്രവർത്തനങ്ങളിലൂടെ ജൈവ മാലിന്യ സംസ്കരണം ആരംഭിച്ചുവെങ്കിലും മിക്ക സ്ഥാപനങ്ങളും ഇതുമായി സഹകരിക്കാത്തത് പദ്ധതിയുടെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുന്നു. എല്ലാ വാണിജ്യ സ്ഥാപനങ്ങളും കുടുംബങ്ങളും ഹരിത കർമ്മസോനയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) ബ്ലോക്ക് പഞ്ചായത്ത് എം.സി.എഫിന് അടുത്തായി ആർ.ആർ,എഫ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ എം.സി.എഫിൽ സൂക്ഷിച്ചിരിക്കുകയാണ്. സംഭരണ സ്ഥലത്തിന്റെ വിസ്തൃതി പരിമിതമാകയാൽ അവ യഥാവിധി സൂക്ഷിക്കാൻ കഴിയുന്നില്ല. ആർ.ആർ.എഫ്. പ്രവർത്തന ക്ഷമമാക്കുന്ന പക്ഷം മൂല്യ വർദ്ധിതമായി അവ വിൽപന നടത്താനും യഥാവിധി സൂക്ഷിക്കുവാനും സാധിക്കുന്നതാണ്.

സി) മാലിന്യം വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് പട്ടണത്തിലെ പ്രധാന സ്ഥലങ്ങളിൽ സി.സി. ടി.വി നിരീക്ഷണം അനിവാര്യമാണ്. അവയുടെ വിന്യാസം ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിന് സഹായകരമാകുന്നതാണ്. പരിശോധനാ സംവിധാനവും കാര്യക്ഷമമാക്കണം.

ഡി) ജൈവമാലിന്യ സംഭരണത്തിനും സംസ്കരണത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ടി.ബി ജംഗ്ഷൻ മുരുകനമ്പലം റോഡ് റീടാറിംഗ് - അധികം ചെലവായ തുക തിരികെ വാങ്ങിയില്ല

കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് കുഴിച്ചശേഷം പൂർവ്വസ്ഥിതിയിലാക്കാഞ്ഞതിനാൽ റീടാറിംഗിന് അധികച്ചെലവുണ്ടായി. എന്നാൽ ജലജീവൻമിഷനിൽ നിന്നും തുക തിരികെ വാങ്ങാൻ നടപടി സ്വീകരിച്ചില്ല.

13-ാം വാർഡിലെ ടി.ബി ജംഗ്ഷൻ മുരുകനമ്പലം റോഡ് 145 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റീടാറിംഗ് നടത്തുന്നതിനായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി (S26/23) പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി റോഡിന്റെ ഇടത് വശം ചേർന്ന് 1 മീറ്റർ വീതിയിൽ പൂർണ്ണമായും കുഴിച്ച് പൈപ്പിട്ടശേഷം മണ്ണിട്ട് മൂടുക മാത്രം ചെയ്തതായും, ആയതിനാൽ ടി ഭാഗം 1 മീറ്റർ വീതിയ്ക്ക് Wet Mix Mecadom നിരത്തി റോഡിന് Base Layer നിർമ്മിച്ചശേഷം റീടാറിംഗ് നടത്തുന്നതിനും 31-12-2022 ലെ 5(2) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. അധിക ഇനം ഉൾപ്പെടുത്തിയതിനാൽ റോഡിന്റെ 96.3 മീറ്റർ നീളം മാത്രമേ റീടാറിംഗ് നടത്താനായുള്ളൂ. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത ശ്രീ കെ.ജെ.ബിജു എന്ന കരാറുകാരൻ 20.3.2023 ൽ പൂർത്തിയാക്കി. ആകെ പ്രവൃത്തിമൂല്യം 149590 രൂപയാണ് (ബിൽ റഫറൻസ് നമ്പർ 45867/ 28.3.2023). ജലജീവൻമിഷന്റെ പ്രവൃത്തിയുടെ ഭാഗമായി റോഡ് മണ്ണിട്ട് മൂടിയ ഭാഗത്ത് Wet Mix Macadom Providing, Laying, Spreading And Compacting Graded Stone എന്നയിനം 8.208 M3 അളവിൽ ചെയ്തതിന് 2999.36 രൂപ നിരക്കിൽ 24619 രൂപ കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്.

റോഡ് കുഴിച്ച് പൈപ്പിട്ട ശേഷം Wet Mix Mecadom നിരത്തി റീടാറിംഗ് ചെയ്ത് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള പ്രവൃത്തിയിനങ്ങൾ ജൽജീവൻമിഷൻ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നിരിക്കെ, നിർവ്വഹണ ഏജൻസി ആയ വാട്ടർ അതോറിറ്റി അപ്രകാരം ചെയ്യാതെ മണ്ണിട്ട് മൂടുക മാത്രം ചെയ്തത് അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിനുണ്ടായ അധികച്ചെലവ് 24619 രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ വാങ്ങേണ്ടതാണ്.

## 1-26 ജലജീവൻമിഷൻ- പദ്ധതിപ്രവർത്തനം മോണിട്ടർ ചെയ്യുന്നില്ല

2502 ഗുണഭോക്താക്കൾക്കായി ഗാർഹിക പൈപ്പ് ലൈൻ കണക്ഷൻ നൽകുന്നതിന് 21.12 കോടി രൂപ അടങ്കൽ വകയിരുത്തി നിർവ്വഹണ ഏജൻസി ആയ വാട്ടർ അതോറിറ്റി തയ്യാറാക്കിയ Detailed Engineering Report 22.3.2021 ലെ 1(1) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു. തുടർന്ന് പഞ്ചായത്ത്, വാട്ടർ അതോറിറ്റി, പദ്ധതിയുടെ Implementing Support Agency (ISA) ആയ Kerala Voluntary Health Services എന്നിവ തമ്മിൽ 19.11.2021 ലെ 2/21-22 നമ്പർ ആയി ത്രികക്ഷി കരാറിൽ ഏർപ്പെട്ടു.

കരാർ പ്രകാരം ആകെ അടങ്കലിന്റെ 15 % ഒടുക്കേണ്ടതാണെങ്കിലും ഇതേവരെ ഗ്രാമപ്പഞ്ചായത്ത് വിഹിതം ഇനത്തിൽ 1 രൂപ പോലും വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടില്ല. ഗാർഹിക കുടിവെള്ള പൈപ്പ് കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ നടന്ന് വരുന്നതായി ഈ വിഷയം സംബന്ധിച്ച് ഭരണസമിതി അംഗങ്ങളിൽ നിന്ന് എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭിച്ചു. എന്നാൽ റോഡുകൾ കുഴിച്ച് പൈപ്പിട്ടശേഷം മണ്ണിട്ട് മൂടുകമാത്രമാണ് ചെയ്തുവരുന്നതെന്നും റോഡ് പൂർവ്വസ്ഥിതിയിൽ ആക്കാത്തതിനാൽ വളരെയേറെ ബുദ്ധിമുട്ട് നേരിടുന്നതായും വിശദീകരിക്കപ്പെട്ടു. കുഴിക്കുന്ന റോഡുകളിൽ Wet Mix Macadom നിരത്തി പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനായി Road Restoration Charges ഇനത്തിൽ 6.2 കോടി രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കാത്തത് വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നുള്ള കരാർ ലംഘനമാണ്. എന്നാൽ ടി അപാകം പരിഹരിക്കുന്നതിനോ പദ്ധതിയുടെ വിശദമായ മോണിട്ടറിംഗ് നടത്തുന്നതിനോ നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

പദ്ധതിയുടെ മോണിട്ടറിംഗ് നടത്തുന്നതിനും കരാറിലെ വ്യവസ്ഥ അനുസരിച്ച് കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനും ഭരണതലനടപടികൾക്ക് ശുപാർശ ചെയ്യുന്നു.

## 1-27 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയുന്ന പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും അവ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമായിട്ടില്ല. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ഫണ്ടിനം | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| 1 | 220/23 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | 198/15.02.2023 | 325155 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഭൂജല വകുപ്പ് |
| | | 266/20.03.2023 | 485000 | | |
| 2 | 146/23 വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | 80/21.11.2022 | 6748 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇലക്ട്രിസിറ്റി ബോർഡ് |
| | | 174/01.02.2023 | 82119 | | |
| | | 241/15.03.2023 | 11133 | | |
| 3 | 171/23 ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകൾ നീക്കം ചെയ്യൽ | 34/15.9.2022 | 310000 | തനത് ഫണ്ട് | വാട്ടർ അതോറിറ്റി |

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2. ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം കരാർ ചമച്ചിട്ടില്ല.

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിനും, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/11.10.2023) ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുമായി അടിയന്തിരമായി കരാറിൽ ഏർപ്പെടുന്നതാണെന്നും ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽസൂചിപ്പിച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-28 അങ്കണവാടി കെട്ടിടങ്ങളോട് അവഗണന

14 -ാം പഞ്ചവത്സര പദ്ധതി മാർഗ നിർദേശങ്ങളിൽ അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, മറ്റ് ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. വനിതാശിശുവികസന വകുപ്പും NREGS ഉം സഹകരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും നിർദേശമുണ്ട്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 5 അങ്കണവാടികൾ ഉണ്ട് എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചു. ചുറ്റുമതിൽ ഇല്ലാതെ 7 എണ്ണവും ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് ഇല്ലാതെ 11 അങ്കണവാടികളും പ്രവർത്തിക്കുന്നു എന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. 22-23 ൽ നം.79, 87, 81, 78, 90, 85 എന്നീ അങ്കണവാടികളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് തുക നീക്കിവച്ചതായി കണ്ടു. എന്നാൽ ആയത് നടത്തിയിട്ടില്ല. 2023-24 ൽ ഓഡിറ്റ് സമയം വരെ പുനരുദ്ധാരണം നടത്തിയ അംഗൻവാടി കെട്ടിടങ്ങൾ ഇല്ലായെന്ന് സൂപ്പർവൈസർ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/11.10.23) മറുപടി നൽകി. ഗ്രാമ പഞ്ചായത്തിലെ അങ്കണവാടി കുട്ടികളെയും അങ്കണവാടികളെയും അവഗണിയ്ക്കാതെ ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കേണ്ടതാണ്.

## 1-29 അഗതി രഹിത കേരളം പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല.

ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസിന്റെ നേതൃത്വത്തിൽ 2018 – 2021 വരെയുള്ള അഗതി രഹിത കേരളം പദ്ധതി തുടർപ്രവർത്തനങ്ങൾ നടത്തി വരുന്നു. എന്നാൽ 119 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതി കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് അംഗീകാരം വാങ്ങിയിട്ടില്ല.എന്നിരുന്നാലും പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിന്റെയും അവശ്യ ഘടകങ്ങൾ ചുവടെ ചേർക്കും വിധം സംക്ഷിപ്തമാണ്.

| ക്രമ നം. | അവശ്യഘടകം | ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഭക്ഷണം | 119 |

| | | |
|---|---|---|
| 2 | ചികിത്സ | 112 |
| 3 | വസ്ത്രം | 36 |
| 4 | കുടിവെള്ളം | 45 |
| 5 | വിദ്യാഭ്യാസം | 7 |
| 6 | വീട് | 6 |
| 7 | കക്കൂസ് | 41 |
| 8 | വീട് അറ്റകുറ്റപ്പണികൾ | 37 |

2022-23 ൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ ആശ്രയ പദ്ധതി (എസ്.സി.പി ) പ്രോജക്ട് പ്രകാരം 1 ലക്ഷം രൂപ എസ്.സി.പി വികസന ഫണ്ടിൽ നിന്നും സി.ഡി.എസിന്റെ അഗതി രഹിത കേരളം പദ്ധതി അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. നിലവിൽ ലിസ്റ്റിൽ ഉൾപ്പെട്ട 100 അഗതികൾക്ക് രണ്ട് തവണയായി ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിന് തുക ചെലവഴിച്ചു. മുൻവർഷങ്ങളിൽ മറ്റ് അവശ്യഘടകങ്ങൾ പരിഗണിച്ചിരുന്നു. പദ്ധതി അംഗീകാരം വാങ്ങുന്നതിനും മെച്ചപ്പെട്ട രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനും കണക്കുകളും രേഖകളും കൃത്യമാക്കി സൂക്ഷിക്കുന്നതിനും നിതാന്ത ശ്രദ്ധ കൊടുക്കേണ്ടതാണ്.

## 1-30 വിശദമായ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല

അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെ സാമൂഹിക നീതി വിഭാവനം ചെയ്യുക, ഗുണനിലവാരമുള്ള വിദ്യാഭ്യാസം,സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും നിലവിലുള്ളവ മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യത്തോടെ നടപ്പാക്കുന്ന എസ്.എസ്.എ(ജനറൽ) എന്ന പദ്ധതിയ്ക്കായി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം പ്രോജക്ട് നം. 107/23 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിനത്തിൽ 400000 രൂപ (ബിൽ നം. 2012900634311/12.10.22) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തനങ്ങൾ, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പദ്ധതി പ്രകാരം ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്താണെന്ന് തദ്ദേശസ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള ബാധ്യത എസ്.എസ്.എ-യ്ക്ക് ഉണ്ട്. ആയതിനാൽ നൽകിയ തുകയ്ക്ക് ആനുപാതികമായ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 റ്റി.ആർ 7എ മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ 7എ മാതൃകയിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽനിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 ലും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഡെയറി ഫാം ഇൻസ്ട്രക്ടർ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിന് ഒരു സാധാരണ ബുക്കാണ് ക്യാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്. ഇത് TR.7.A മാതൃക പ്രകാരമുള്ളതല്ല. പദ്ധതി നിർവ്വഹണത്തിലും പദ്ധതിപ്പണത്തിന്റെ വിനിയോഗത്തിലും സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് ഇപ്രകാരം ചട്ടത്തിൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ക്യാഷ്ബുക്ക് സൂക്ഷിക്കേണ്ടതാണ്.

## 1-32 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം.&<br>പേര് | S00109/23<br>എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം |
| വകയിരുത്തിയ തുക | 100000/- |
| ചെലവായ തുക | 98000/- |
| ബിൽ നം.& തീയതി | 220505520129011491311 / 27.03.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനാണ് മേൽ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. പ്രോജക്റ്റ് രേഖകളായി ARTCO-യിൽ നിന്നും 20 മേശയും 20കസേരയും വാങ്ങിയതിനുള്ള ബില്ലും (ടാക്സ് ഇൻവോയ്സ് നം KKD-744/24.03.2023) ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ അപേക്ഷകൾ, വാങ്ങിയ ഇനങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയെങ്കിലും സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ (സ്റ്റോക്ക് രജിസ്റ്റർ) ലഭ്യമാക്കിയില്ല. സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 12-22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 ലും സ്റ്റോർ പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. നിശ്ചിത മാതൃകയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ നിർവഹണഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ പദ്ധതി- അപാകങ്ങൾ

| പ്രോജക്ട് പേര്/ നമ്പർ | ഫണ്ടിനം | ബിൽ നമ്പർ/തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|
| വനിതകൾക്ക് യോഗ പരിശീലനം S0068/23 | അടങ്കൽ തുക- 100000 രൂപ<br>വികസനഫണ്ട് (പൊതുവിഭാഗം)<br>ചെലവ് തുക-100000 രൂപ | 22050552013501364094/15.03.23<br>2205055201364120/15.03.23<br>22050552013501056401/17.01.23<br>22050552013500931266/19.12.22<br>22050552013500931269/19.12.22<br>22050552013500841638/29.11.22<br>22050552013500970690/28.1222<br>22050552013500851181/1.12.22 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| വയോജനങ്ങൾക്ക് യോഗ പരിശീലനം S0067/23 | അടങ്കൽ തുക-67700 രൂപ<br>വികസനഫണ്ട് (പൊതുവിഭാഗം)<br>ചെലവ് തുക-67700രൂപ | 220505520135501364069/15.03.23<br>22050552013501364152/15.03.23<br>22050552013500964277/27.12.22<br>22050552013500841636/29.11.22<br>22050552013500931267/19.12.22<br>22050552013500851180/1.12.22<br>22050552013500970689/28.12.22 | |

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 50 വനിതകളെയും 50 വയോജനങ്ങളെയും ഉൾപ്പെടുത്തി യോഗപരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ അപേക്ഷകളോ, പഞ്ചായത്തിൽ നിന്നുള്ള ഗുണഭോക്തൃ പട്ടികയോ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ രേഖകളോ (ഗ്രാമസഭയിൽ വെച്ച് അംഗീകരിച്ചതിന്റെ വിശദാംശങ്ങളോ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതി മോണിറ്ററിംഗ് സമിതി മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയില്ല. വനിതകൾക്കായുള്ള പദ്ധതിയിൽ 36 പേരുടെ ആധാറും വയോജനങ്ങൾക്കായുള്ള പദ്ധതിയിൽ 35 പേരുടെ ആധാറുമാണ് ഗുണഭോക്താക്കളുടെ രേഖകളായി ഹാജരാക്കിയിട്ടുള്ളത് . പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട മൂന്ന സ്ഥലങ്ങളിലായാണ് യോഗപരിശീലന പദ്ധതി നടപ്പാക്കിയത്. പദ്ധതികൾക്കായി 100 യോഗാമാറ്റ് , 100 യോഗാ ബുക്കുകൾ എന്നിവ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വയോജനങ്ങൾക്കായുള്ള പദ്ധതിയിൽ 26 പേർ മാത്രമാണ് അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പ രേഖപ്പെടുത്തിയിട്ടുള്ളത്. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,67,700/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-34 ലൈഫ്-ഇല്ലാത്ത വായ്പയ്ക്ക് റിക്കവറി

ലൈഫ് ഭവന പദ്ധതിക്കായി 01/04/2019 മുതൽ 31/03/2023 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്ത് ലോൺ എടുത്തിരുന്നില്ല എങ്കിലും ലോൺ റിക്കവറിയായി പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും 2022-23 വർഷം 69749 രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. ഇക്കാര്യം ഉചിത മാർഗ്ഗേണ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതി- പദ്ധതി ചെലവ് 45%

ഏതൊരു ക്ഷേമപദ്ധതിയുടെയും വിജയം നിലകൊള്ളുന്നത് അത് യഥാസമയം നടപ്പിലാക്കുന്നതിലാണ്. 2022-23 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം 1.12കോടി രൂപയുടെ പ്രോജക്ടുകൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് എങ്കിലും 5103794 രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചത്. 1327 കുടുംബങ്ങളാണ് പദ്ധതിയ്ക്കായി രജിസ്റ്റർ ചെയ്തിരുന്നത് എങ്കിലും 278 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ നൽകിയിരിക്കുന്നത്. ഇതിൽ 52 കുടുംബങ്ങൾക്കാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ടുകൾക്ക് നാമമാത്രമായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആസ്തികൾ സൃഷ്ടിക്കുന്നതിനും ജല സുരക്ഷയുമായി ബന്ധപ്പെട്ട കിണർ റീചാർജ്ജിനും മുൻഗണന നൽകിയിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലുള്ള മാനദണ്ഡങ്ങൾ പദ്ധതി നടത്തിപ്പിൽ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 95836 | അംഗനവാടി പോഷകാഹാര പദ്ധതി,10/23 | 95836 |
| ജില്ലാ പഞ്ചായത്ത് | 360000 | ലൈഫ് ഭവന പദ്ധതി, 76/23 | 360000 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | നെൽകൃഷി വികസനം, 136/23 | 150000 |
| ബ്ലോക്ക് പഞ്ചായത്ത് | 136259 | പാലിയേറ്റീവ് കെയർ, 14/23 | 136259 |
| ബ്ലോക്ക് പഞ്ചായത്ത് | 63300 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 51/23 | 63300 |
| ജില്ലാ പഞ്ചായത്ത് | 43709 | പാലിയേറ്റീവ് കെയർ, 14/23 | 43709 |
| ബ്ലോക്ക് പഞ്ചായത്ത് | 580000 | ലൈഫ് ഭവന പദ്ധതി, 76/23 | 580000 |
| ജില്ലാ പഞ്ചായത്ത് | 74358 | ടേക്ക് എ ബ്രേക്ക് പ്രോജക്ട് പൊതു ശൗചാലയ നിർമ്മാണം, 18/23 | 74358 |
| ബ്ലോക്ക് പഞ്ചായത്ത് | 10000 | പാലിന് സബ്സിഡി, 126/23 | 10000 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൌച്ചർ നം/ചെക്ക് നം./യു.റ്റി.ആർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | നം. | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ, 146/23 | 80/21.11.2022 | 6748 | 0 | 100000 |
| | | 174/01.02.2023 | 82119 | | |
| | | 241/15.03.2023 | 11133 | | |
| കേരള വാട്ടർ അതോറിറ്റി | ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകൾ നീക്കം ചെയ്യൽ, 171/23 | 34/15.9.2022 | 310000 | 0 | 310000 |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം, 220/23 | 198/15.02.2023 | 325155 | 0 | 810155 |
| | | 266/20.03.2023 | 485000 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ , തീയതി |
|---|---|---|---|---|
| 2020-21 | 1-11(6) | 287<br>4873 | കെ.എം.വർഗീസ് | 1220800011,<br>12200800016<br>(14.07.22) |
| 2020-21 | 1-11(6) | 1058<br>2438<br>287<br>1099 | കെ.എം. വർഗീസ് | 1220800018,<br>1220800019<br>1220800020,<br>1220800021,<br>(14.07.22) |
| 2020-21 | 1-12(3) | 1521 | ഹരി.എസ്.നായർ, കോർക്കാട്ട് | 1220800032<br>(15.07.22) |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-2015 | 2.6 | 2016- 2017 | വസ്തു നികുതി പരിഷ്കരണ | 04.06.2019 ലെ സി6 |

| | | | | |
|---|---|---|---|---|
| | | | നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | 1970/20209 നമ്പർ കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2014-2015 | 2.5(1) | 2016-2017 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല | 04.06.2019 ലെ സി6 1970/20209 നമ്പർ കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2015-2016 | 2.7 | 2016-2017 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 04.06.2019 ലെ സി6 1970/20209 നമ്പർ കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 58153299 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 58021610 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 167700 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 167700 | ഡോ.രജിത ടി വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക<br>മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ഡോ.രജിത ടി വർഗ്ഗീസ്<br>മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം)<br>കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | കല്ലുവിളയിൽ ,<br>ആറാട്ടുപുഴ ദേവി ക്ഷേത്രത്തിനു സമീപം,<br>ആറാട്ടുപുഴ പി.ഒ, ആറന്മുള പിൻ 689123 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഓഡിറ്റ് റിപ്പോർട്ട്<br>നം./തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന<br>ഖണ്ഡികകൾ |
|---|---|---|
| 1997-98 | നം.എൽഎഫ്.പിറ്റിഎ.പി2-232/99<br>തീയതി 8.11.2000/5.12.2000 | 33 |
| 1998-99<br>(ചെലവ്) | നം.എൽഎഫ്.പിറ്റിഎ.പി2-672/99<br>തീയതി 7.6.2000/8.8.2000 | മറുപടി ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ്<br>അദാലത്തിൽ പരിഗണിച്ചില്ല. |
| 1999-00 | നം.എൽഎഫ്.പിറ്റിഎ.പി2-635/01<br>തീയതി 2.11.2001/6.4.2002 | 14 |
| 2002-03 | നം.എൽഎഫ്.പിറ്റിഎ.പി3-187/07<br>തീയതി 6.3.2007/13.3.2007 | 1 (2-9) |
| 2002-03<br>(വരവ്) | നം.എൽഎഫ്.പിറ്റിഎ.പി11-288(എ)/09<br>തീയതി 16.11.2009/08.11.2011 | 6 (2-1, 2-2, 2-3, 2-4, 2-5, 2-6) |
| 2004-05 | നം.എൽഎഫ്.പിറ്റിഎ.പി11-48/10<br>തീയതി 13.4.2010 | 3 (2-4(എ), 3-5, 3-26) |
| 2005-06 | നം.എൽഎഫ്.പിറ്റിഎ.പി6-395/11<br>തീയതി 07.06.2011/05.09.2013 | 2 (3-4, 3-5) |
| 2011-12 | നം.എൽഎഫ്.പിറ്റിഎ.പി12-441/13<br>തീയതി 3.10.2013/18.1.2014 | 25<br>(2-1 മുതൽ 2-6 വരെ,<br>3-1 മുതൽ 3-19 വരെ) |
| 2012-13&2013-14 | നം.എൽഎഫ്.പിറ്റിഎ.പി5-1018/14<br>തീയതി 11.3.2015/11.5.2015 | 2 (3-7, 3-9) |
| 2014-15 | നം.കെഎസ്എ.പിറ്റിഎ.പി5-488/16<br>തീയതി 4.5.2016 | 4 (2-5, 2-6, 2-7, 3-5) |
| 2015-16 | നം.കെഎസ്എ.പിറ്റിഎ.പി5-436/16<br>തീയതി 23.1.2017 | 1 (3-3) |
| 2016-17 | നം.കെഎസ്എ.പിറ്റിഎ.പി9-1024/17<br>തീയതി 14.09.2017 | 10 (2-2, 2-4, 3-4, 3-5, 3-6, 3-8, 3-12, 3-13,<br>3-14, 3-17) |
| 2017-18 | കെ.എസ്.എ.പിറ്റി.എ പി5/1137/18<br>തീയതി 04/08/2018 | 3 (2-7, 3-5, 3-10) |
| 2018-19 | കെ.എസ്.എ.പിറ്റി.എ പി5/719/2019<br>തീയതി 25.07.2019 | 5 (2-2, 2-8, 3-4, 3-6, 3-7) |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.പിറ്റി.എ പി5 /501/2020 തീയതി 11.8.2021 | 3 (1-13, 1-15,4-2) |
| 2020-21 | കെ.എസ്.എ. പി.ടി.എ. പി - 5/502/2021 തീയതി 26/08/2021 | (1-2,1-4,1-9,1-11,1-12,1-13,1-14,1-15,1-16,1-17,1-18 1-19,1-20,1-21,1-22,1-23,1-24,1-25,1-26,1-27,1-28, 1-29,1-30,1-31,1-32,1-33,1-34,1-35 |
| 2021-22 | കെ.എസ്.എ. പി.ടി.എ. പി - 5/934/2022 തീയതി 03/11/2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 25-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KOZHENCHERRY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KOZHENCHERRY Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KOZHENCHERRY Grama Panchayat for the Year 2022-2023.

**1.Major Observations**

1. valuation of land assets as per balance sheet is not complete. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
2. A Difference of 68 lakhs in the opening balance of Panchayat General Fund
3. Depreciation-Accounting is not correct
4. Non-Disclosure of liabilities such as water charge arrear

**2.Other Observations**

1.The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash flow statement:- Net decrease in cash flow does not match with the difference between the

opening balance and closing balance of cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

5. Specific grants -accounting is not correct

6.Capital contribution- accounting is not accurate.

7.The annual summary under property tax in sanchaya software does not match with the corresponding figures in annual financial statement.

8. .Huge amount given to implementing agencies in advance are not yet adjusted.
9.Defect in Bank reconciliation statement of E-payment account

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്